**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **07-07-2022 - ൽ മറുപടിയ്ക്ക്**

**ധനകാര്യ മാനേജ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്ക് നിർദ്ദേശപ്രകാരം സാമ്പത്തിക വിദഗ്ധർ തയ്യാറാക്കിയ ലേഖനത്തിൽ കടബാധ്യതകൾ വർദ്ധിക്കുന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ശ്രീലങ്കയുടെ സാമ്പത്തിക തകർച്ച ചൂണ്ടിക്കാട്ടി മുന്നറിയിപ്പ് നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | റിസർവ് ബാങ്കിന്റെ 2022 ജൂൺ മാസത്തെ ബുള്ളറ്റിനിൽ State Finances : A Risk Analysis എന്ന പേരിൽ ഒരു article ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീലങ്കൻ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ Public Debt Sustainability –യുടെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്ന പ്രസ്തുത ലേഖനത്തിന്റെ അടിക്കുറിപ്പിൽ ലേഖനത്തിലെ അഭിപ്രായങ്ങൾ റിസർവ് ബാങ്കിന്റേതല്ലായെന്നും Authors –ന്റേതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ article –ൽ highly stressed സംസ്ഥാനങ്ങളുടെ അഞ്ചംഗ പട്ടികയിൽ ബീഹാർ, പഞ്ചാബ്, രാജസ്ഥാൻ, പശ്ചിമ ബംഗാൾ എന്നിവരോടൊപ്പം കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും Debt – GSDP അനുപാതം, GFD – GSDP അനുപാതം, Interest Payment (IP) – Revenue Receipt (RR) അനുപാതം എന്നീ സാമ്പത്തിക സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.<br><br>സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഒരു തുടർച്ചയാണ്. ഇക്കാര്യത്തിൽ മുൻ വർഷങ്ങളിലെ ഈ ഇനത്തിലെ വർദ്ധനവ് പ്രസക്തമാണ്. 2010-11 –ൽ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 78673 കോടി രൂപയായിരുന്നത് 5 വർഷം കൊണ്ട് 100 ശതമാനത്തിന് മേൽ വർദ്ധിച്ച് 157370 കോടി രൂപയായി. ടി |

കാലയളവിലെ RD / GSDP, FD / GSDP ശരാശരി യഥാക്രമം 2.26% -ഉം 3.54% -ഉം ആയിരുന്നു. അതിന് മുമ്പുള്ള അഞ്ച് വർഷത്തെ ശരാശരി 1.83% -ഉം 3.04% -ഉം ആയിരുന്ന സ്ഥാനത്താണ് ഗണ്യമായ വർദ്ധനവ് 2011-16 കാലയളവിൽ ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രളയം അടക്കമുള്ള പ്രകൃതി ദുരന്തങ്ങളും കോവിഡ്-19 മഹാമാരി മൂലമുള്ള പ്രതിസന്ധിയും ഉണ്ടായിട്ടും മൊത്തം കടബാദ്ധ്യതയിലെ വർദ്ധനവ് 2020-21 –ൽ 2015-16 –നെ അപേക്ഷിച്ച് 88.66% -ൽ പരിമിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.

നിർദ്ദിഷ്ട ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിഗമനങ്ങൾക്ക് ആധാരമാക്കിയിട്ടുള്ള കണക്കുകളിൽ 2019-20 -ഉം 2020-21 –ഉം ഉൾപ്പെടും. ടി കാലയളവ് കോവിഡ്-19 മൂലം വളർച്ച മുരടിക്കുകയോ negative growth രേഖപ്പെടുത്തിയതോ ആയ സമയമാണ്. അത്തരമൊരു കാലയളവിലെ Debt-GSDP അനുപാതം കണക്കിലെടുത്ത് അനുമാനങ്ങളിലെത്തുന്നത് എത്രത്തോളം യുക്തിസഹമാണെന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

കോവിഡിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്കുള്ള കടമെടുപ്പ് പരിധി വർദ്ധിപ്പിച്ച് നൽകിയ 2020-21 –ലെയും 2021-22 –ലെയും ധനകമ്മിയും കടബാദ്ധ്യതയും കണക്കിലെടുത്ത് ഭാവിയിലേയ്ക്കുള്ള സാമ്പത്തിക സൂചകങ്ങൾ തയ്യാറാക്കുന്നത്, ടി സാഹചര്യം തുടരാത്ത പശ്ചാത്തലത്തിൽ, എത്രത്തോളം relevant ആണെന്നതും ഈ അവസരത്തിൽ പ്രസക്തമായ ചോദ്യമാണ്.

Debt sustainability സൂചകമായി പരിഗണിക്കപ്പെടുന്ന Domar Stability condition (പലിശനിരക്ക് – GSDP വളർച്ച നിരക്ക്) കോവിഡ് മഹാമാരി മൂലം സമ്പദ്ഘടന മുരടിപ്പ് പ്രകടമാക്കിയ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലൊഴികെയുള്ള വർഷങ്ങളിൽ, സംസ്ഥാനം satisfy ചെയ്തിരുന്നതായി ടി ലേഖനത്തിൽ നിന്നു തന്നെ വ്യക്തമാണ്. കൂടാതെ കടത്തിന്റെ വിജയകരമായ

| | | | |
|---|---|---|---|
| | | | പരിപാലനത്തിന് പരിഗണിക്കുന്ന GSDP growth, Debt growth differential നിർദ്ദിഷ്ട article –ൽ പരാമർശിച്ചത് കണക്കിലെടുത്താൽ മേൽ രണ്ട് വർഷങ്ങളിലൊഴികെ മെച്ചപ്പെട്ട നിലയിലാണുള്ളത്. മേൽ കാരണങ്ങൾ കൊണ്ടുതന്നെ ലേഖനത്തിൽ രേഖപ്പെടുത്തുന്നതുപോലെയുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്നില്ല എന്ന് സ്പഷ്ടമാണ്. |
| (ബി) | സംസ്ഥാനത്ത് കടത്തിന്റെ വളർച്ച കഴിഞ്ഞ അഞ്ചുവർഷമായി ആഭ്യന്തര ഉല്പാദന വളർച്ചയെ മറികടന്നിരിക്കുന്നുവെന്ന് ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന സാഹചര്യത്തെ എങ്ങനെ മറികടക്കാനാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | നിർദ്ദിഷ്ട ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രകാരമാണെങ്കിൽ GSDP Growth, Debt Growth Differential, കോവിഡ് മഹാമാരി ഗുരുതരമായി ബാധിച്ച 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലൊഴികെ, മെച്ചപ്പെട്ട നിലയിലാണുള്ളത്. കോവിഡ് മഹാമാരിയെ തുടർന്ന് നിശ്ചലാവസ്ഥയിലായ സമ്പദ് വ്യവസ്ഥ അതിൽ നിന്നും ക്രമേണ മുക്തമായി തുടങ്ങുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നും അതുകൊണ്ടു തന്നെ നിലവിലെ ബാധ്യതകൾ സർക്കാരിന്റെ തുടർന്നുള്ള പ്രയാണത്തിൽ വിഘാതമാകുകയില്ല എന്നുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. 11.03.2022-ൽ നിയമസഭയിൽ table ചെയ്ത Medium Term Fiscal Policy & Strategy Statement with Medium Term Fiscal Plan for Kerala പ്രകാരം സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം നടപ്പ് വർഷം മുതൽ രണ്ടക്ക വളർച്ച രേഖപ്പെടുത്തുമെന്നാണ് കണക്കുകൂട്ടുന്നത്. അതനുസരിച്ച് സംസ്ഥാനത്തന്റെ തനത് നികുതി, നികുതി ഇതര വരുമാനങ്ങളും നല്ല വളർച്ച കൈവരിക്കേണ്ടതാണ്. ഇതോടൊപ്പം നികുതി പിരിവ് ഊർജ്ജിതമാക്കുക, ചെലവുകളിൽ മിതത്വം പാലിക്കുക, ധൂർത്തുകൾ അവസാനിപ്പിക്കുക അടക്കമുള്ള സർക്കാർ പിൻതുടർന്നു വരുന്ന ധന ദൃഡീകരണ പ്രക്രിയയുടെ ഫലവും കൂടിയാകുമ്പോൾ 2023-24 ആകുമ്പോഴേക്കും FD/GSDP (%) 3.5% ആയും Debt/GSDP(%) 2024-25 ഓടുകൂടി 35.7% ആയും മെച്ചപ്പെടുമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ, ക്രമാതീതമായ തോതിൽ ഉയരുന്ന പണപ്പെരുപ്പവും 15–ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരമുള്ള റവന്യൂ കമ്മി ഗ്രാന്റ് വർഷാവർഷം ഗണ്യമായ തോതിൽ കുറഞ്ഞ് 2023-24 ഓടുകൂടി ഇല്ലാതാകുന്നതും ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ഉടലെടുത്ത വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം തുടരുന്നതിലുള്ള അനിശ്ചിതാവസ്ഥയും സർക്കാരിന്റെ ധനദൃഢീകരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുമെന്ന ആശങ്കയും സർക്കാരിനുണ്ട്. |
| (സി) | നികുതി വരുമാനത്തിൽ ഉണ്ടായ വലിയ കുറവും ധനകാര്യ മാനേജ്മെന്റിൽ ഉണ്ടായതായി പറയപ്പെടുന്ന പാളിച്ചകളും മൂലമുള്ള സാമ്പത്തിക സമ്മർദ്ദം അതിജീവിക്കുന്നതിന് എന്തൊക്കെ തിരുത്തൽ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രളയം, കോവിഡ് മഹാമാരി അടക്കമുള്ള പ്രതികൂല സാഹചര്യങ്ങളും കേന്ദ്ര നികുതി വിഹിതത്തിൽ വന്ന കുറവുമാണ് പ്രധാനമായും നികുതി വരുമാനത്തിൽ പ്രതിഫലിച്ചിട്ടുള്ളത്. മേൽ പ്രതിപാദിത സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നടത്തുവാൻ സാധിച്ചത് സർക്കാരിന്റെ കൃത്യമായ ദിശാബോധമുള്ള ധനകാര്യ മാനേജ്മെന്റിന്റെ ഫലമായാണ്. അതുകൊണ്ട് തന്നെ ടി പ്രവർത്തനത്തിൽ തിരുത്തലുകളുടെ ആവശ്യം ഈ ഘട്ടത്തിൽ ഉള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ